പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ --2905 22.06.2012- ലെ മറുപടിക്ക്

ഗ്ലോബൽ എൻ. ആർ. കെ. മീറ്റ് 2011

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. പി.സി. ജോർജ്<br>ശ്രീ. എം.വി. ശ്രേയാംസ് കുമാർ<br>ഡോ. എൻ. ജയരാജ്<br>ശ്രീ. റോഷി അഗസ്റ്റിൻ | ശ്രീ. കെ. സി. ജോസഫ്<br>*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും പ്രവാസികേരളീയകാര്യവും വകുപ്പ് മന്ത്രി)* |
| (എ) നോർക്ക വകുപ്പും നോർക്ക റൂട്ട്സും ചേർന്ന് ഗ്ലോബൽ എൻ.ആർ.കെ മീറ്റ് 2011 എന്ന പേരിൽ സംഘടിപ്പിച്ച സംഗമത്തിലെ സുപ്രധാന തീരുമാനങ്ങൾ ഏതെല്ലാമാണ്;<br><br>(ബി)പ്രസ്തുത തീരുമാനങ്ങളിൽ നടപ്പിൽ വരുത്തേണ്ടവയുടെ മുൻഗണനാക്രമം നിശ്ചയിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ & ബി) നോർക്ക വകുപ്പും നോർക്ക റൂട്ട്സും ചേർന്ന് സംഘടിപ്പിച്ച ഗ്ലോബൽ എൻ. ആർ. കെ. മീറ്റിൽ വച്ച് പ്രവാസികേരളീയരുടെ ക്ഷേമത്തിനായി നൂതന സംരംഭങ്ങളെക്കുറിച്ചും, തിരികെയെത്തിയ പ്രവാസികൾക്കായുള്ള പുനരധിവാസ പദ്ധതികൾ രൂപം നൽകുന്നതിനെ സംബന്ധിച്ചും ചർച്ചകൾ നടക്കുകയുണ്ടായി. വിശദമായ ചർച്ചകൾക്കൊടുവിൽ പ്രവാസി മലയാളികളുടെ ക്ഷേമത്തിനായി വിവിധ നിർദ്ദേശങ്ങൾ അംഗീകരിച്ചിട്ടുണ്ട്. |
| (സി)പ്രസ്തുത തീരുമാനങ്ങളുടെ വെളിച്ചത്തിൽ പ്രവാസികളുടെ പുനരധിവാസം എന്ന ആശയം പ്രാവർത്തികമാക്കാൻ സാധിച്ചിട്ടുണ്ടോ: | (സി) ഈ സാമ്പത്തിക വർഷം തിരികെവന്ന പ്രവാസികൾക്കായി പുനരധിവാസപദ്ധതി രൂപീകരിക്കുന്നതിനായി രണ്ട് കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. പ്രവാസികൾ അവരുടെ സമ്പാദ്യം ഉപയോഗിച്ച് സ്വയംതൊഴിൽ പദ്ധതികളും വികസനോന്മുഖമായ മറ്റു ചെറുകിട വ്യവസായങ്ങളും തുടങ്ങുന്നതു സഹായിക്കാനാണ് ഈ പദ്ധതി. വിവിധ മേഖലകളിൽ അംഗീകരിച്ച സംരംഭത്തിനു വേണ്ട തുകയുടെ നിശ്ചിത ശതമാനം മൂലധന/പലിശ സബ്സിഡി നൽകുന്നതിനാണ് ലക്ഷ്യമിടുന്നത്. പദ്ധതി രൂപരേഖ തയ്യാറാക്കിവരുന്നു. |

| | |
|---|---|
| (ഡി) മീറ്റിലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ നടപ്പ സാമ്പത്തിക വർഷം ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാമാണ്? | (ഡി) ഗ്ലോബൽ എൻ. ആർ. കെ. മീറ്റിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിനായി താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു. |

1. പന്ത്രണ്ടാം പദ്ധതിയിൽ പ്രവാസി പുനരധിവാസ പ്രവർത്തനങ്ങൾക്കായി കൂടുതൽ തുക വകയിരുത്താൻ വേണ്ട ശുപാർശകൾ സമർപ്പിച്ചിട്ടുണ്ട്. കൂടാതെ വിവിധ പദ്ധതികളെ പറ്റിയുള്ള ബോധവൽക്കരണം/സെമിനാർ തുടങ്ങിയവ നടത്തുന്നതിന് നടപടികൾ എടുത്ത് വരുന്നുണ്ട്. പന്ത്രണ്ടാം പദ്ധതിയുടെ ആദ്യവർഷം(2012 - 13) രണ്ട് കോടി രൂപ ഇതിനായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.
2. ഗൾഫ് നാട്ടുകളിലെ ജയിലുകളിൽ കഴിയുന്ന നിരപരാധികളായ കേരളീയരെ തിരികെ നാട്ടിൽ എത്തിക്കുന്നതിന് സ്വപ്ന സാഫല്യം പദ്ധതിക്ക് രൂപം നൽകി സൗദി അറേബ്യയിൽ പ്രാബല്യത്തിൽ വരുത്തിക്കഴിഞ്ഞു. 25 ൽപരം ഹതഭാഗ്യർ ഈ പദ്ധതി ആനുകൂല്യത്തിന്റെ ഭാഗമായി നാട്ടിലെത്തിയിട്ടുണ്ട്. 2012 - 13 - ൽ 50 ലക്ഷം രൂപ ഇതിനായി ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്.
3. ഗൾഫ് നാട്ടുകളിൽ നിയമനടപടികൾ നേരിടുന്നവരെ സഹായിക്കുന്നതിനായി ഒരു പ്രവാസി ലീഗൽ എയ്ഡ് സെൽ

ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഈ വർഷം 3.9 കോടി രൂപ ഇതിനായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

4. റയിൽവേ യാത്രാപ്രശ്നം പരിഹരിക്കുന്നതിന്റെ ഭാഗമായി മുംബൈയിൽ നിന്നും ബംഗലൂരുവിൽ നിന്നും ഓരോ പുതിയ തീവണ്ടി/സർവ്വീസ് ആരംഭിച്ച് തീവണ്ടികളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന് 2012 – 13 റയിൽവേ ബഡ്ജറ്റിൽ പ്രഖ്യാപനമുണ്ടായിട്ടുണ്ട്.

മറുനാടൻ മലയാളികൾക്ക്(മറ്റ് സംസ്ഥാനങ്ങൾ) വേണ്ടി ഇൻഷ്വറൻസ് കാർഡ് നൽകാൻ നടപടികൾ പൂർത്തിയായി വരുന്നുണ്ട്. മറുനാടൻ മലയാളികളുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിലേയ്ക്കായി ഒരു സംഗമം സംഘടിപ്പിക്കണമെന്ന ആവശ്യം ഉയർന്നു വന്നിരുന്നു. ആയത് സെപ്തംബറിൽ ബംഗലൂരുവിൽ വെച്ച് സംഘടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

സെക്ഷൻ ഓഫീസർ